# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *249 — 20.12.2012-ൽ മറുപടിയ്ക്ക്

## ഗതാഗത ഇൻഫ്രാസ്ട്രക്ചർ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബെന്നി ബെഹനാൻ**<br>**,, വി.ഡി.സതീശൻ**<br>**,, ജോസഫ് വാഴക്കൻ**<br>**,, കെ.ശിവദാസൻ നായർ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗതാഗത അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പുവരുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;<br>(ബി) ഇതിനുവേണ്ടി ഗതാഗത ഇൻഫ്രാസ്ട്രക്ചർ നിയമം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br>(സി) നിയമത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; **വിശദാംശങ്ങൾ എന്തെല്ലാം ;**<br>(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ? | (എ), (ബി), (സി) & (ഡി) :<br><br>പൊതുമരാമത്ത് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2012 ഡിസംബർ 6,7,8 തീയതികളിൽ കൊച്ചിയിൽ വച്ച് നടന്ന ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസിൽ സംസ്ഥാനത്തെ ഗതാഗത അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കി ഒരു ഇൻഫ്രാസ്ട്രക്ചർ ആക്ട് തയ്യാറാക്കണമെന്ന ശുപാർശ ഉയർന്നുവരികയുണ്ടായി. ഈ നിർദ്ദേശം പരിശോധിച്ച് ഉചിതമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു വർക്കിംഗ് ഗ്രൂപ്പിനെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ഇൻഫ്രാസ്ട്രക്ചർ ആക്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ